# പ്രാർഥനകൾ

● ഇ.സി സൈമൺ മാസ്റ്റർ

**ധാരാളം** പ്രാർഥനാ വചനങ്ങൾ അടങ്ങിയിട്ടുള്ള ഗ്രന്ഥമാണ് ഖുർആൻ. ദൈവനാമത്തിലാണ് ആദ്യസൂക്തം. ഏറ്റവും പ്രധാനമായ ഒരു പ്രാർഥനകൊണ്ടാണ് ഗ്രന്ഥാരംഭം. ആകെയുള്ള 114 അധ്യായങ്ങളിൽ ഒന്നൊഴിച്ച് എല്ലാംതന്നെയും ദൈവനാമത്തിലാണ് തുടക്കം. പ്രാരംഭ പ്രാർഥനയിലെ ആശയവും ഗംഭീരം. മുഴുവൻ ഖുർആനിന്റെയും അന്തസ്സത്ത ഉൾക്കൊള്ളുന്നതാണ് ഏഴു സൂക്തങ്ങൾ മാത്രമടങ്ങിയ 'അൽ ഫാതിഹ' എന്ന പ്രാരംഭ പ്രാർഥന. മുസ്‌ലിംകൾ അറബിയിൽതന്നെ ഉരുവിടുന്ന 'അൽ ഫാതിഹ'യുടെ മലയാള വിവർത്തനം ഇങ്ങനെ:

"പരമകാരുണികനും ദയാപരനുമായ
അല്ലാഹുവിന്റെ നാമത്തിൽ.
സ്തുതിയൊക്കെയും അല്ലാഹുവിനാണ്.
അവൻ സർവലോക സംരക്ഷകൻ.
പരമകാരുണികൻ. ദയാപരൻ.
വിധിദിനത്തിനധിപൻ.
നിനക്കുമാത്രം ഞങ്ങൾ വഴിപ്പെടുന്നു.
നിന്നോടു മാത്രം ഞങ്ങൾ സഹായം തേടുന്നു.
ഞങ്ങളെ നീ നേർവഴിയിൽ നയിക്കേണമേ.
നീ അനുഗ്രഹിച്ചവരുടെ വഴിയിൽ.
നിന്റെ കോപത്തിനിരയായവരുടെയും
പിഴച്ചവരുടെയും വഴിയിലല്ല" (1:1-7).

രണ്ടാം അധ്യായത്തിന്റെ അവസാനത്തിലുമുണ്ട് ഒരു പ്രാർഥന. അതിപ്രകാരം:

*ഞങ്ങളുടെ നാഥാ; മറവി സംഭവിച്ചതിന്റെയും പിഴവു പറ്റിയതിന്റെയും പേരിൽ ഞങ്ങളെ നീ പിടികൂടരുതേ. ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പൂർവികരെ വഹിപ്പിച്ചതുപോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ! ഞങ്ങൾക്കു താങ്ങാനാവാത്ത കൊടുംഭാരം ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്കു നീ മാപ്പേകേണമേ. പൊറുത്തുതരേണമേ. ഞങ്ങളോട് നീ കരുണ കാണിക്കേണമേ. നീയാണല്ലോ ഞങ്ങളുടെ രക്ഷകൻ. അതിനാൽ സത്യനിഷേധികളായ ജനത്തിനെതിരെ ഞങ്ങളെ നീ സഹായിക്കേണമേ"* (2:286).

ഇങ്ങനെ ധാരാളം പ്രാർഥനകൾ.

എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായ രീതിയിലാണ് ബൈബിൾ. ദൈവനാമത്തിലല്ല ഗ്രന്ഥാരംഭവും മറ്റധ്യായങ്ങളും. ദൈവമെന്ന പദംപോലും വിരളം. പ്രാർഥനകളുടെ കാര്യം പറയാനുമില്ല. യേശു പഠിപ്പിച്ചതായി ബൈബിളിൽ കാണുന്നത് അഞ്ചു വാക്യങ്ങളുള്ള ഒരേയൊരു പ്രാർഥന മാത്രം. അതിങ്ങനെ:

യേശു പറഞ്ഞു. നിങ്ങൾ ഇപ്രകാരം പ്രാർഥിക്കുവിൻ:

"സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകേണമേ. അങ്ങയുടെ രാജ്യം വരേണമേ. അങ്ങയുടെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകേണമേ. അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നൽകേണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽനിന്ന് ഞങ്ങളെ രക്ഷിക്കേണമേ" (മത്തായി 6: 9-13).

ഈ പ്രാർഥനയിൽ ഒരു സാധാരണ വിശ്വാസിയെ സംബന്ധിച്ചു പറഞ്ഞാൽ അയാളുടെ മനസ്സിൽ കൂടുതലായി പതിയുന്നത് 'അന്നന്നുവേണ്ട ആഹാരം ഇന്ന് ഞങ്ങൾക്കു നൽകേണമേ' എന്ന ഭാഗമായിരിക്കും. എന്നാൽ മറ്റൊരിക്കൽ ദൈനംദിന ഭക്ഷ്യാവശ്യങ്ങൾ സംബന്ധിച്ച് അത്രയധികം ആശങ്കയോ ആകുലതയോ വേണ്ടെന്ന് ഉപമയും ഉദാഹരണവും നൽകി യേശു സമർഥിച്ചു: ഇങ്ങനെ:

"ഞാൻ നിങ്ങളോടു പറയുന്നു: എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും എന്ന് ജീവനെക്കുറിച്ചോ എന്തു ധരിക്കും എന്നു ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ടാ. ഭക്ഷണത്തേക്കാൾ ജീവനും വസ്ത്രത്തേക്കാൾ ശരീരവും ശ്രേഷ്ഠമല്ലേ? ആകാശത്തിലെ പക്ഷികളെ നോക്കുവിൻ. അവ വിതക്കുന്നില്ല, കൊയ്യുന്നില്ല. കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. അവയേക്കാൾ എത്രയോ വിലപ്പെട്ടവരാണു നിങ്ങൾ! ഉത്കണ്ഠമൂലം ആയുസ്സിന്റെ ദൈർഘ്യം ഒരു മുഴമെങ്കിലും കൂട്ടാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ? വസ്ത്രത്തെപ്പറ്റിയും നിങ്ങൾ എന്തിന് ആകുലരാകുന്നു? വയലിലെ ലില്ലികൾ എങ്ങനെ വളരുന്നു എന്നു നോക്കുക; അവ അധ്വാനിക്കുന്നില്ല; നൂൽ നൂൽക്കുന്നുമില്ല. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: സോളമൻ പോലും തന്റെ സർവ മഹത്വത്തിലും ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല. ഇന്നുള്ളതും നാളെ അടുപ്പിൽ എറിയപ്പെടുന്നതുമായ പുല്ലിനെ ദൈവം ഇപ്രകാരം അലങ്കരിക്കുന്നെങ്കിൽ, അൽപവിശ്വാസികളേ, നിങ്ങളെ അവിടുന്ന് എത്രയധികം അലങ്കരിക്കുകയില്ല! അതിനാൽ എന്തു ഭക്ഷിക്കണം, എന്തു പാനം ചെയ്യും, എന്തു ധരിക്കും എന്നു വിചാരിച്ച് നിങ്ങൾ ആകുലരാകേണ്ടാ. വിജാതീയരാണ് ഇവയെല്ലാം അന്വേഷിക്കുന്നത്. നിങ്ങൾക്കിവയെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ സ്വർഗീയ പിതാവ് അറിയുന്നു. നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും. അതിനാൽ നാളെയെക്കുറിച്ചു നിങ്ങൾ ആകുലരാകരുത്. നാളത്തെ ദിനം തന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും. ഓരോ ദിവസത്തിനും അതതിന്റെ ക്ലേശം മതി" (മത്തായി: 6:25-34).

യേശു പഠിപ്പിച്ച പ്രാർഥന ദിവസം എത്ര പ്രാവശ്യം ഉരുവിടണമെന്ന് നിർദേശിച്ചിട്ടില്ല. അതിനാൽ എവിടെയുമാവാം, എപ്പോഴുമാവാം.

എന്നാൽ മുസ്‌ലിംകൾക്ക് അവരുടെ നമസ്കാരം ഖുർആ

നിൽകൂടി അഞ്ചുനേരം നിർബന്ധമക്കിയിരിക്കുന്നു. അക്കാര്യത്തിൽ അല്ലാഹു നബി യോടു പറഞ്ഞു:

"നിന്റെ കുടുംബത്തോട് നീ നമസ്കരിക്കാൻ കൽപിക്കുക. നീയതിൽ ക്ഷമ യോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. നാം നിന്നോട് ജീവിതവിഭവമൊന്നും ആവശ്യ പ്പെടുന്നില്ല. മറിച്ച് നിനക്ക് ജീവിതവിഭവം നൽകുന്നത് നാമാണ്. ഭക്തിക്കാണ് ശുഭാ ന്ത്യം.

..........സൂര്യോദയത്തിനും അസ്തമയത്തിനും മുമ്പ് നിന്റെ നാഥനെ കീർത്തിച്ച് അവന്റെ വിശുദ്ധി വാഴ്ത്തുക. രാവിന്റെ ചില യാമങ്ങളിലും പകലിന്റെ രണ്ടറ്റങ്ങ ളിലും അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുക. നിനക്കു സംതൃപ്തി ലഭിച്ചേക്കാം" (20:130,132).

മുസ്‌ലിംകൾക്കുള്ളതുപോലെ കൃത്യമായ പ്രാർഥനാ സമയങ്ങളോ പ്രാർഥനാ രീതികളോ ബൈബിൾ നിർദേശിക്കുന്നില്ല. വിശ്വാസികൾ ഓരോ സഭാവിഭാഗങ്ങളും അവരുടേതായ ആരാധനാക്രമങ്ങളും പ്രാർഥനാ സമ്പ്രദായങ്ങളും പിന്തുടരുകയാണ്. ഖുർആൻ നിർദേശമനുസരിച്ച് മുസ്‌ലിംകൾക്കുള്ളതുപോലെ പ്രാർഥനാസമയത്ത് എല്ലാവരും ലക്ഷ്യംവെക്കുന്ന ഒരു ഖിബ്‌ലയും ബൈബിൾ നിർദേശിച്ചിട്ടില്ലാത്തതു കൊണ്ട് ചിലർ കിഴക്കോട്ടും വേറെ ചിലർ പടിഞ്ഞാറോട്ടും മറ്റുചിലർ അവർക്കിഷ്ട മുള്ള ദിക്കുകളിലേക്കും തിരിഞ്ഞു പ്രാർഥിക്കുന്നു. എന്നാൽ യേശുവിന്റെ കാലത്തും അതിനു മുമ്പും ജറൂസലേമിലേക്കു തിരിഞ്ഞായിരുന്നു പ്രാർഥന. ■

(തുടരും)